കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പനമരം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-ഇ3- 615/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 26/09/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനമരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2)അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ, വയനാട്
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-ഇ3- 615/2023 തീയ്യതി: 26/09/2023

വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-06-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി വസന്ത പി എസ്	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	14-06-2023	24-06-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
14-06-2023	24-06-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. നവാസ് കെ എം , അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. അലിഅക്ബർ കെ ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. വിപിൻചന്ദ്രൻ എം. ടി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഗിരിജ കൃഷ്ണൻ	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ രാജേന്ദ്രൻ എം പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2022	29-04-2022
ശ്രീമതി പാർവ്വതി കെ	സെക്രട്ടറി	30-04-2022	16-05-2022
ശ്രീ രാജേന്ദ്രൻ എം പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	17-05-2022	15-06-2022
ശ്രീമതി പാർവ്വതി കെ	സെക്രട്ടറി	16-06-2022	30-06-2022
ശ്രീ രാജേന്ദ്രൻ എം പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-07-2022	28-07-2022
ശ്രീമതി ഷീബ കെ	സെക്രട്ടറി	29-07-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ പി പി ബിജു	പട്ടിക ജാതി വികസന ഓഫീസർ	01-04-2022	31-03-2023
ശ്രീ പ്രശാന്ത് എൻ എസ്	അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2022	31-03-2023
ശ്രീ നൗഷാദ് സി	വ്യവസായ വികസന ഓഫീസർ	01-04-2022	31-03-2023
ശ്രീ വിനോയ് എ ടി	കൃഷി അസി. ഡയറക്ടർ	01-04-2022	31-03-2023
ശ്രീ പ്രജിഷ പി പി	ക്ഷീര വിവസന ഓഫീസർ	01-04-2022	31-03-2023
ഡോ. സുനിൽ	സീനിയർ വെറ്റിനറി സർജൻ	01-04-2022	31-05-2022
ഡോ രാജി കെ സി	സീനിയർ വെറ്റിനറി സർജൻ	01-06-2022	22-08-2022
ഡോ. സുനിൽ	സീനിയർ വെറ്റിനറി സർജൻ	23-08-2022	31-03-2023
ശ്രീമതി ലിഗിത ചന്ദ്രൻ	ശിശു വികസന ഓഫീസർ	01-04-2022	31-03-2023
ഡോ.ഷീജ വി ആർ	മെഡിക്കൽ ഓഫീസർ	01-04-2022	31-03-2023
ശ്രീ. ജോർജ് കെ. ഇ.	അസി. എഞ്ചിനീയർ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ട്രഷറി/ബാങ്ക് സ്റ്റേറ്റ്മെന്റും റീകൺസിലിയേഷൻ സ്റ്റേറ്റമെന്റും ലഭ്യമാക്കിയിട്ടില്ല.	1-1-1
3	ആസ്തി വിവരം വ്യക്തമല്ല	1-1-2
4	സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം പരിശോധിച്ചുറപ്പിക്കാൻ സാധിച്ചിട്ടില്ല.	1-1-3
5	രജിസ്റ്റർ/രേഖകൾ സൂക്ഷിച്ചിട്ടില്ല	1-1-4
6	വാർഷിക കണക്കിലെ തുക രജിസ്റ്ററുകളുമായി യോജിക്കുന്നില്ല	1-1-5
7	വാർഷിക കണക്കിലെ മറ്റ് അപാകതകൾ	1-1-6
8	ബഡ്ജറ്റ്	1-2
9	സാമ്പത്തിക വിശകലനം	1-3
10	ഫണ്ട് വിനിയോഗം	1-4
11	പദ്ധതി അവലോകനം	1-5
12	തൊഴിലുറപ്പു പദ്ധതി	1-6
13	ക്യാഷ് ബാലൻസ് പരിശോധന	1-7
14	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-8
15	ആഭ്യന്തര നിയന്ത്രണം	1-9
16	പനമരം സി എച്ച് സിയിൽ ഇ ഹെൽത്ത് പ്രോഗ്രാം -പ്രവർത്തനം ആരംഭിച്ചിട്ടില്ല	1-10
17	ഭിന്നശേഷിക്കാർക്ക് മുചക്രവാഹനം വിതരണം -ഗുണഭോക്താക്കൾക്കളുടെ ലൈസൻസ് ഹാജരാക്കിയില്ല	1 -11
18	ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്- വിനിയോഗ രേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച്	1-12
19	അന്നപൂരക പോഷകഹാര വിതരണം പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല	1-13
20	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റായില്ല, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	1-14
21	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റായില്ല, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	1-15
22	കുഴൽ കിണർ പ്രവൃത്തികൾ- വിനിയോഗ പൂർത്തീകരണ വിവരം	1-16

	ലഭ്യമാക്കിയിട്ടില്ല	
23	ബ്ലോക്ക് പഞ്ചാത്ത് ഓഫീസ് നെറ്റ് വർക്ക് സൗകര്യം ഏർപ്പെടുത്തൽ- പ്രവൃത്തി നാളിതു വരെ ആരംഭിച്ചിട്ടില്ല	1-17
24	പനമരം, പുൽപ്പള്ളി സി എച്ച് സികൾക്ക് ഇമ്മ്യൂണോ അനലൈസർ വാങ്ങിയത്- സ്ഥാപിച്ചിട്ടില്ല	1-18
25	സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറക്കാത്തതിനാലും കൺസോളിഡേഷൻ കുറക്കാത്തതിനാലും അധികച്ചെലവ് - ₹ 18,207.00 ചെലവ് നിരാകരിക്കുന്നു.	1-19
26	വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല-₹ 11,01,073.00 തടസ്സപ്പെടുത്തുന്നു.	1-20
27	കുടിവെള്ള പദ്ധതികൾ ലക്ഷ്യം കാണുന്നില്ല - ₹ 9,17,834.00 തടസ്സപ്പെടുത്തുന്നു.	1-21
28	ബ്ലോക്ക് പഞ്ചായത്ത് റോഡ് ഡ്രൈനേജ് നിർമ്മാണവും മലിനജലസംഭരണിനിർമ്മാണവും സംസ്കരണവും - സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചു- ചെലവ് തുക ₹ 12,52,876.00 തടസ്സപ്പെടുത്തുന്നു.	1-22
29	വനിതകൾക്കായി പച്ചിലക്കാട് ഉൽപ്പന്ന വിപണന കേന്ദ്രം - ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല.	1-23
30	പൈതൃക ഭവനം - സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല -₹ 39,11,829.00 തടസ്സപ്പെടുത്തുന്നു.	1-24
31	വനിതകൾക്കായി കൊളവള്ളിയിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രം കെട്ടിട നിർമ്മാണം - ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല.	1-25
32	നടപ്പാതകളുടെ നിർമ്മാണം - പദ്ധതി മാർഗ്ഗരേഖ ലംഘനം - ₹ 33,69,525.00 തടസ്സപ്പെടുത്തുന്നു.	1-26
33	സി എച്ച് സി കളിൽ നിയമിച്ച താൽകാലിക ജീവനക്കാരിൽ നിന്നും ആദായ നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല	1-27
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറക്കാത്തതിനാലും കൺസോളിഡേഷൻ കുറക്കാത്തതിനാലും അധികച്ചെലവ് - ₹ 18,207.00 ചെലവ് നിരാകരിക്കുന്നു.	3-1
ഭാഗം **4**		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3

4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	Abstract Of Annual Financial Statement	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്.

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പനമരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി (01/01 തീ. 27.04.2023) 21/06/2023തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പനമരം ബ്ലോക്ക്പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

B. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കൽപ്പറ്റ

തീയതി:26.09.2023 സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

1-1-1 ട്രഷറി/ബാങ്ക് സ്റ്റേറ്റ്മെന്റും റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റും ലഭ്യമാക്കിയിട്ടില്ല.

RP 40(b) – യിലെ A/c No.Treasury Special Fund 9 എന്ന ഹെഡ്ഡിൽ(450450109) ₹ 1,47,648.00 നീക്കിബാക്കി ഉണ്ട്. ട്രഷറി/ബാങ്ക് സ്റ്റേറ്റ്മെന്റും റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റും ലഭ്യമാക്കിയിട്ടില്ല. RP 40(a) – യിലും A/c No.Treasury Special Fund 9 എന്ന ഹെഡ്ഡിൽ(450450109) ₹ 1,47,648.00 മുൻബാക്കി അവശേഷിക്കുന്നുണ്ട്. ബാങ്ക് ബുക്ക് സംക്ഷിപ്തം ഇല്ലാത്തതിനാൽ ആകെ RP 40(b) നീക്കി ബാക്കി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

1-1-2 ആസ്തി വിവരം വ്യക്തമല്ല

1. 26/07/2011-ലെ ജി.ഒ.(എം.എസ്)152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. സ്ഥിര

ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ (Land) അക്കൗണ്ടിങ്ങ് 31.03.2023 വരെ ആരംഭിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന ₹ 18,18,14,213.00 രൂപയുടെയും ബി-3 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺടിബ്യൂഷനായി രേഖപ്പെടുത്തിയിരിക്കുന്ന ₹ 10,78,56,692.00 കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ആസ്തിമൂല്യവും നിശ്ചിത സാംഖ്യ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

2. ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ Building – Bus Stands എന്ന ഹെഡ്ഡിൽ 119330/- രൂപയും Building – Burial Grounds എന്ന ഹെഡ്ഡിൽ 182281/- രൂപയും ആസ്തി ആയുണ്ട്. എന്നാൽ, ബ്ലോക്ക് പഞ്ചായത്തിന് Bus Stands / Burial Grounds ഇല്ല.

3. ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ Roads - Metal എന്ന ഹെഡ്ഡിൽ 14140456/- രൂപയും Roads - Gravel എന്ന ഹെഡ്ഡിൽ 1063743/- രൂപയും ആസ്തി ആയുണ്ട്. എന്നാൽ, ബ്ലോക്ക് പഞ്ചായത്തിന് Metal / Gravel Roads ഇല്ല.

1-1-3 സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം പരിശോധിച്ചുറപ്പിക്കാൻ സാധിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.
ബാലൻസ്ഷീറ്റ് ഷെഡ്യൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് കാണിച്ചിട്ടില്ല. എന്നാൽ, ബ്ലോക്ക് പഞ്ചായത്ത് എഴുതി സൂക്ഷിക്കേണ്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ലഭിക്കാത്തതിനാൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം പരിശോധിച്ചുറപ്പിക്കാൻ സാധിച്ചിട്ടില്ല.

1-1-4 രജിസ്റ്റർ/രേഖകൾ സൂക്ഷിച്ചിട്ടില്ല

1. 2022-23വർഷത്തെ Income And Expenditureപത്രിക പ്രകാരം ഡിപ്രീസിയേഷൻ കാണിച്ചിട്ടുണ്ടെങ്കിലും ഡാറ്റ ഷീറ്റ് ലഭ്യമാക്കാത്തതിനാൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.
2. RP 31 – ലുള്ള വരവ്, ചെലവ് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രത്യേക ഉദ്ദേശ്യ പരിപാടികൾക്ക് ലഭ്യമാകുന്ന ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കി ബാക്കി എന്നിവ കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, പലവക ഡിമാൻഡ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
3. വാർഷികകണക്ക് ഷെഡ്യൾ RP-4 പ്രകാരം Re-imbursement Of Other Expenses Incurred, ഷെഡ്യൾ RP-5 പ്രകാരം Sale Of Tender Forms എന്നീ ഇനങ്ങളിൽ യഥാക്രമം എന്നിങ്ങനെ വരവുണ്ട്. ഇവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
4. വാർഷികകണക്ക് ഷെഡ്യൾ B-15 ലുള്ള Recievables From Government(redemption Amount) പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
5. ഷെഡ്യൾ പ്രകാരം താഴെ പറയുന്ന Prior Period Items -ന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

ക്രമ നം.	വിവരണം	തുക (₹)
1	Prior Period Programme Expense	(-)1,47,835.00

6. അഡ്വാൻസ് രജിസ്റ്റർ , Sale Of Tender Form – രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.
7. അഡ്വാൻസ് രജിസ്റ്റർ , Sale Of Tender Form – രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

1-1-5 വാർഷിക കണക്കിലെ തുക രജിസ്റ്ററുകളുമായി യോജിക്കുന്നില്ല

താഴെ പറയുന്ന ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും യോജിക്കുന്നില്ല.

ക്രമ നം.	ഫണ്ടിനം	വാർഷിക കണക്ക് പ്രകാരം(₹)	എ.സി.ആർ പ്രകാരം(₹)	വ്യത്യാസം(₹)
1	വികസന ഫണ്ട്(ജനറൽ)	3,42,24,876.00	3,46,59,637.00	4,34,761.00
2	വികസന ഫണ്ട്(TSP)	2,48,62,904	2,96,83,542.00	48,20,638.00

3	വികസന ഫണ്ട്(CFC Tied)	1,76,91,000.00	2,96,83,542.00	1,19,92,542.00
4	വികസന ഫണ്ട്(CFC UnTied)	7,11,009.00	72,21,341.00	65,10,332.00

1-1-6 വാർഷിക കണക്കിലെ മറ്റ് അപാകതകൾ

1. 2021-22വർഷത്തെ വാർഷികകണക്കുകൾക്കുള്ള അപാകതകൾ പരിഹരിച്ച് അറിയിച്ചിട്ടില്ല.

2. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

3. ബി-4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള, പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള, പല ഗ്രാന്റുകൾക്കും പ്രത്യേക ട്രഷറി/ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഫണ്ടുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഫണ്ടുകളോടൊപ്പം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത ബാധ്യതകൾക്ക് തുല്യമായ തുക ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 9 – 350800101 – Liability In Respect Of Stale Cheques - ഹെഡിൽ ഉള്ള ₹ 1,14,504.00 കാലാവധി കഴിഞ്ഞ ചെക്കുകളുടേതാണ്. ആയതിനാൽ ഈ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

5. RP – 1 പ്രകാരം തൊഴിൽ നികുതി ഇനത്തിൽ 2500/- രൂപ വരവ് കാണിച്ചിട്ടുണ്ട്. എന്നാൽ, തൊഴിൽ നികുതി ബ്ലോക്ക് പഞ്ചായത്തിന്റെ വരവിനമല്ല.

6. തൻവർഷം കൃ ബിൽ ആയ തുക വാർഷികകണക്കിൽ ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബഡ്ജറ്റ്

മുൻബാക്കി	7,03,373
വരവ്	69,34,13,000
ചെലവ്	69,37,18,000
നീക്കിബാക്കി	3,98,373

2022- 23 ലെ ബഡ്ജറ്റ് 31/03/2022 ലെ 3/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബഡ്ജറ്റ് 29/03/2023 ലെ 2/3-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	1,75,96,916
തൻവർഷ വരവ്	13,12,82,525
ആകെ	14,88,79,441
ചെലവ്	12,36,47,681
നീക്കിയിരിപ്പ്	2,52,31,760

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	വരവ്	ആകെ	ചെലവ്	ലാപ്സായ തുക
വികസന ഫണ്ട് -ജനറൽ (ACR പ്രകാരം)	0	39014166	39014166	34659637	4354529
വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം)	0	4551166	4551166	3981460	569706
വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം)	0	29988500	29988500	29683542	304958
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	0	0	0	0	0
മെയിന്റനൻസ്,	0	10670000	10670000	10660573	9427

നോൺ-റോഡ് (ACR പ്രകാരം)					
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)(Tied & Untied)	0	22075177	22075177	13970964	8104213
ജനറൽ പർപസ് ഗ്രാന്റ്	828829	9220350	10049179	10049179	0

ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച മേൽകണക്കുകൾ (ACR പ്രകാരം) വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളു ശതമാനം
132	234101659	91	112824673	-	41	69

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
സെക്രട്ടറി	29	24	134876243	52832945	39
അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ	7	6	12294237	7098263	58
അസിസ്റ്റന്റ് എഞ്ചിനീയർ	69	36	46373583	19699443	42
വ്യവസായ വികസന ഓഫീസർ	2	1	4400000	950000	22
മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	9	9	14383500	13579907	94
ശിശുവികസന പദ്ധതി ഓഫീസർ	6	5	8416980	6324124	75
കൃഷി അസിസ്റ്റന്റ് ഡയറക്ടർ	3	3	6229840	6115000	98
ക്ഷീര വികസന ഓഫീസർ / വെറ്ററിനറി സർജൻ	4	4	6346000	5818715	92
പട്ടികജാതി വികസന ഓഫീസർ	3	3	781276	406276	52
ആകെ	132	91	234101659	112824673	48

1-6 തൊഴിലുറപ്പു പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിബാക്കി
ഭരണചെലവുകൾ	0	32,68,150	32,68,150	32,68,150	0

1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.06.2023ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പ് ഇല്ല.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലളവ്	റിപ്പോർട്ട് ലഭിച്ച തീയതി

പെർഫോർമൻസ് ഓഡിറ്റ്	14/09/2012	26/07/2011 - 31/03/2012	11/12/2012
അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ്	30/04/2013	2008-09 – 2012 -13	10/06/2013

1-9 ആഭ്യന്തര നിയന്ത്രണം

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ ബ്ലോക്ക്പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ച നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. ബജറ്റ് കൃത്യതയും വസ്തുനിഷ്ഠവുമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കേണ്ടതും ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ എല്ലാ മാസവും പൊരുത്തപ്പെടുത്തൽ നടത്തേണ്ടതുമാണ്.

സ്റ്റാന്റിങ്ങ് കമ്മിറ്റി കൃത്യമായി യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്.

1-10 പനമരം സി എച്ച് സിയിൽ ഇ ഹെൽത്ത് പ്രോഗ്രാം -പ്രവർത്തനം ആരംഭിച്ചിട്ടില്ല

നിർവ്വഹണം- സെക്രട്ടറി

പനമരം സി എച്ച് സിയിൽ ഇ ഹെൽത്ത് പ്രോഗ്രാം ആരംഭിക്കുന്നതിനായി വിവര സാങ്കേതിക വിദ്യ ഉപകരണങ്ങൾ വാങ്ങുന്നതിന് 998322 രൂപ കെൽട്രോണിന് നൽകി.എന്നാൽ നാളിതുവരെ കെൽട്രോൺ വിവര സാങ്കേതിക വിദ്യ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല.

126/23 പനമരം സി എച്ച് സിയിൽ വിവര സാങ്കേതിക വിദ്യ ഉപകരണങ്ങൾ കെൽട്രോൺ	998322 CFC Health Grant ബിൽ നം. 266/20.03.2023

ഇ ഹെൽത്ത് പ്രോഗ്രാം ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. 998322 രൂപ ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1 -11 ഭിന്നശേഷികാർക്ക് മുചക്രവാഹനം വിതരണം -ഗുണഭോക്താക്കൾക്കളുടെ ലൈസൻസ് ഹാജരാക്കിയില്ല

പ്രോജക്ട് നം.	1/22-23, ഭിന്നശേഷികാർക്ക് മുചക്രവാഹനം
നിർവ്വഹണോദ്യോഗസ്ഥൻ	ചൈൽഡ് ഡെവലെപ്മെന്റ് പ്രോജക്ട് ഓഫീസർ
അടങ്കൽ	1400000
ചെലവ്	1400000
ഫണ്ട്	വികസനഫണ്ട് ജനറൽ

ബിൽ (BRN) നം.	₹1120000, 22180863000300268685 Dtd 4/7/2022 ₹280000 , 22180863000300511313 Dtd 4/7/2022

ചൈൽഡ് ഡവലപ്മെൻറ് പ്രോജക്ട് ഓഫീസർ 2022-23 ൽ ബ്ലോക്ക് പരിധിയിലെ ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ വിതരണം ചെയ്യുന്നതിന് മേൽ സൂചിപ്പിച്ച പദ്ധതി വഴി 15 ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽസ് വാങ്ങി വിതരണം നടത്തി ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് ലൈസൻസ് ലഭിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

ഗുണഭോക്താക്കൾ ലൈസൻസ് ലഭിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/2022-23/20.06.2023) ലഭ്യമാക്കിയ മറുപടിയിൽ എല്ലാ ഗുണഭോക്താക്കൾക്കും ലൈസൻസ് ലഭ്യമാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും ലൈസൻസ് ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് അറിയിച്ചിട്ടുണ്ട്.പദ്ധതി വിഭാവനം ചെയ്ത രീതിയിൽ ഗുണഭോക്താക്കൾക്ക് ഉപയോഗപ്രദമാകുന്നതിന് ലൈസൻസ് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തി ലൈസൻസുകളുടെ പകർപ്പ് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതാണ്.

എല്ലാ ഗുണഭോക്താക്കളുടെയും ലൈസൻസ് ഹാജരാക്കുന്നതുവരെ പദ്ധതി ചെലവായ ₹1400000/- തടസ്സപ്പെടുത്തുന്നു.

1-12 ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്- വിനിയോഗ രേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച്

പ്രോജക്ട് നം.	78/22-23, ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ
നിർവ്വഹണോദ്യോഗസ്ഥൻ	ചൈൽഡ് ഡെവലെപ്മെന്റ് പ്രോജക്ട് ഓഫീസർ
ഫണ്ട്	വികസനഫണ്ട് ജനറൽ
അടങ്കൽ	₹2716980
ചെലവ്	₹2716930
ബിൽ (BRN) നം.	₹500000, 2218085200270123544 Dtd 23/2/2023 ₹478200 , 22180852000700977834 Dtd 29/12/2022 ₹42450, 22180852000701318372 Dtd 9/03/2023 ₹13500, 22180852000701376076 Dtd 16/03/2023 ₹563500, 22180852004601247389 Dtd 25/02/2023 ₹552780, 22180552014200945469 Dtd 22/12/2022 ₹39000, 22180552014201417321 Dtd 21/03/2023 ₹341500, 22180552015100949924 Dtd 23/2/2023 ₹156000 , 22180552015101242890 Dtd 24/02/2023 ₹30000, 22180552015101246815 7 Dtd 24/3/2023

പഞ്ചായത്തുകളിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പ്രോജക്ടിന് ബ്ലോക്ക് വിഹിതം കൈമാറുന്നതിനുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി മുള്ളൻകൊല്ലി, പൂതാടി, പനമരം, പുൽപ്പള്ളി, കണിയാമ്പറ്റ എന്നീ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വിനിയോഗസാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/20.06.2023) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവഴിച്ച 2716930 രൂപ തടസ്സത്തിൽ വെക്കുന്നു.

1-13 അനുപൂരക പോഷകാഹാര വിതരണം പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം.	75/22-23, അനുപൂരക പോഷകാഹാര

	വിതരണം പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ
നിർവ്വഹണോദ്യോഗസ്ഥൻ	ചൈൽഡ് ഡെവലെപ്മെന്റ് പ്രോജക്ട് ഓഫീസർ
ഫണ്ട്	വികസനഫണ്ട് ജനറൽ
അടങ്കൽ	800000
ചെലവ്	800000
ബിൽ (BRN) നം.	₹200000, 2218085200271067379 Dtd 20/1/2023 ₹200000 , 22180852000700977845 Dtd 29/12/2022 ₹56753 , 22180852004601233249 Dtd 23/02/2023 ₹94153, 22180852004601401857 Dtd 18/03/2023 ₹25677, 22180852004601233268 Dtd 23/02/2023 ₹23417, 2180852004601053298 Dtd 17/01/2023 ₹200000 22180552015101226380 Dtd 22/02/2023

പനമരം, കണിയാമ്പറ്റ,പൂതാടി,പുൽപ്പള്ളി എന്നീ ഗ്രാമപഞ്ചാത്തുകളുമായി ചേർന്ന് തയ്യാറാക്കിയ സംയുക്ത പ്രോജക്ട് ആണിത്. എന്നാൽ ഗ്രാമപഞ്ചാത്തുകൾക്ക് നൽകിയ വിഹിതത്തിനുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/20.06.2023) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 8,00,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-14 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റായില്ല, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം.	76/22-23, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി
നിർവ്വഹണോദ്യോഗസ്ഥൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ	₹3200000
ചെലവ്	₹3200000
ഫണ്ട്	വികസനഫണ്ട് ജനറൽ
ബിൽ (BRN) നം.	₹725900, 22180552016201114138 Dtd 31/1/2023 ₹754600 , 22180552016300977283 Dtd 29/12/2022 ₹280500 , 22180520059011666647 Dtd 9/02/2023

	₹849900, 22180852006200980447 Dtd 30/12/2022 ₹589100 , 22180852006301298399 Dtd 6/03/2023

ഡയറി എക്സ്റ്റൻഷൻ ഓഫീസർ 2022-23 ൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - ജനറൽ (SO 76/22-23) എന്ന പദ്ധതിയിലൂടെ പൂതാടി, പനമരം, പുൽപ്പള്ളി, കണിയാമ്പറ്റ, മുള്ളൻകൊല്ലി എന്നീ ഗ്രാമപഞ്ചായത്തുക്കളിലെ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ടി പദ്ധതിയുടെ പഞ്ചായത്തുക്കളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.കൂടാതെ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി തുക ക്രെഡിറ്റായി കാണുന്നില്ല.UTR നമ്പരുകൾ " Null " എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ക്രമ നം	ട്രഷറി BRN നം	പേര്	അക്കൗണ്ട് നം	തുക
1	22180552016201114138 Dtd 31/01/2023	Jisamol Sajeev	863108036079	263
2	22180552016201114138 Dtd 31/01/2023	Sindhu Rajesh	86311025545	495
3	22180552016201114138 Dtd 31/01/2023	Prakash N A	863101031916	451
4	22180552016201114138 Dtd 31/01/2023	Indu K B	863119001804	403
5	22180552016201114138 Dtd 31/01/2023	Tom Thomas	863101025179	284
6	22180552005901166647 Dtd 9/02/2023	SAJEEVAN	208701011003170	469
7	22180552005901166647 Dtd 9/02/2023	SHAJI	208701231000022	237
8	22180552005901166647 Dtd 9/02/2023	CHINNAMMA POULOSE	208701231000329	278
9	22180852006301298399 Dtd 6/03/2023	Johnson	130261200421181	938
10	22180852006301298399 Dtd 6/03/2023	Baby	130261200420758	219
11	22180852006301298399 Dtd 6/03/2023	JosephChako	130261200420567	375
12	22180852006301298399 Dtd 6/03/2023	Jose	130261200421201	1117
13	22180852006200980447 Dtd 30/12/2022	Surendran K N	7010001003573	1230

14	22180852006200980447 Dtd 30/12/2022	Sadhasivan KN	204501011001481	300
15	22180852006200980447 Dtd 30/12/2022	Vineesh K P	7010001003580	1136
16	22180852006200980447 Dtd 30/12/2022	Dileep K D	820568638866	540
17	22180852006200980447 Dtd 30/12/2022	Sivadasan A D	208701011001022	368

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/22-23/23.06.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ക്രഡിറ്റായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കുന്നതുവരെ പദ്ധതി ചെലവായ ₹3200000/- തടസ്സപ്പെടുത്തുന്നു.

1-15 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റായില്ല, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം.	77/22-23, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി
നിർവ്വഹണോദ്യോഗസ്ഥൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ	₹2000000
ചെലവ്	₹2000000
ഫണ്ട്	വികസനഫണ്ട് (ടി.എസ്.പി)
ബിൽ (BRN) നം.	₹782500, 22180852006200980438 Dtd 30/12/2022 ₹319000 , 22180852016201045750 Dtd 16/1/2023 ₹463300 , 22180852006301260703 Dtd 27/02/2023 ₹435200, 22180852005901166640 Dtd 09/02/2023

ഡയറി എക്സ്റ്റൻഷൻ ഓഫീസർ 2022-23 ൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി – പട്ടിക വർഗം (SO 77/22-23) എന്ന പദ്ധതിയിലൂടെ പൂതാടി,പനമരം,പുൽപ്പള്ളി,കണിയാമ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുക്കളിലെ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ടി പദ്ധതിയുടെ പഞ്ചായത്തുക്കളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.കൂടാതെ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി തുക ക്രെഡിറ്റായി കാണുന്നില്ല.UTR നമ്പരുകൾ " Null " എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ക്രമ നം	ട്രഷറി BRN നം	പേര്	അക്കൗണ്ട് നം	തുക
1	22180852006200980438 Dtd 30/12/2022	VINU A B	208701011002057	8586
2	22180852006200980438 Dtd 30/12/2022	RAMAN	208701011002344	685
3	22180852006200980438 Dtd 30/12/2022	A.G PADMANABHAN	208701011000912	3330
4	22180852006200980438 Dtd 30/12/2022	Padavi	208701011000890	2873

5	22180852006200980438 Dtd 30/12/2022	Karimban	208701231000538	2531
6	22180852006200980438 Dtd 30/12/2022	Krishnan K P	208701011000913	2296
7	22180852006200980438 Dtd 30/12/2022	Krishnan	208701011001009	8386
8	22180852006200980438 Dtd 30/12/2022	Kesavan.P.P	208701011002447	476
9	22180852006200980438 Dtd 30/12/2022	MINI	208701011001561	11464
10	22180852006200980438 Dtd 30/12/2022	THANKA VELU	208701011001562	5561
11	22180852006200980438 Dtd 30/12/2022	SUKUMARAN.E.S	208701011002342	5470
12	22180852006200980438 Dtd 30/12/2022	SUNIL.C.R	208701011000886	3909
13	22180852006301260703 Dtd 27/02/2022	Ushakumari	130061200424150	5669.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/22-23/23.06.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ക്രഡിറ്റായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കുന്നതുവരെ പദ്ധതി ചെലവായ ₹2000000/- തടസ്സപ്പെടുത്തുന്നു.

1-16 കുഴൽ കിണർ പ്രവൃത്തികൾ- വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ക്രമ നം.	ഇനം, തുക കൈപ്പറ്റിയ സ്ഥാപനം	ചെലവ് തുക	ബിൽ നം തീയതി
1	പ്രോജക്ട് നം 121/23 ഇടമല പണിയ കോളനി കുഴൽ കിണർ അനുബന്ധ പ്രവൃത്തി ജില്ലാ ഭൂജല വകുപ്പ്, വയനാട്	1,02,881 TSP	284/23.3.23
2	3/23 ബ്ലോക്ക് പഞ്ചാത്ത് ഓഫീസ് കോമ്പൗണ്ടിൽ കുഴൽ കിണർ -അനുബന്ധ പ്രവൃത്തി	146201 General	68/1.10.22

	ജില്ലാ ഭ്രജല വകുപ്പ്, വയനാട്		
3	ബ്ലോക്ക് പഞ്ചാത്ത് പരിധിയിലെ പ്രദേശങ്ങളിൽ കിണർ കുഴൽ കിണർ -ഇലക്ട്രിക് മോട്ടോർ- അനുബന്ധ സൗകര്യം ഏർപ്പെടുത്തൽ കെ എസ് ഇ ബി	1,17, 201	291/23.03.2023
	ആകെ	3,66,283	

12/22-23/24.06.2023 പ്രകാരം എൻക്വയറി നൽകി മറുപടി ലഭിച്ചില്ല. മേൽ ചെലവുകൾ സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആകെ ചെലവഴിച്ച 3,66283 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 ബ്ലോക്ക് പഞ്ചാത്ത് ഓഫീസ് നെറ്റ് വർക്ക് സൗകര്യം ഏർപ്പെടുത്തൽ- പ്രവൃത്തി നാളിതു വരെ ആരംഭിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ഇനം, തുക കൈപ്പറ്റിയ സ്ഥാപനം	ചെലവ് തുക	വൗച്ചർ നം., / ബിൽ നം തീയതി
110/23 ബ്ലോക്ക് പഞ്ചാത്ത് ഓഫീസ് നെറ്റ് വർക്ക് സൗകര്യം ഏർപ്പെടുത്തൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി ഡബ്യു ഡി ഇലക്ട്രോണിക്സ് വിഭാഗം തൃശ്ശൂർ അടങ്കൽ ₹5,00,00/- (പൊതുവിഭാഗം)	5,00,000	177/28.1.23

12/22-23/24.06.2023 പ്രകാരം എൻക്വയറി നൽകി മറുപടി ലഭിച്ചില്ല. ആകെ ചെലവഴിച്ച 5,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 പനമരം, പുൽപ്പള്ളി സി എച്ച് സികൾക്ക് ഇമ്മ്യൂണോ അനലൈസർ വാങ്ങിയത്- സ്ഥാപിച്ചിട്ടില്ല

നിർവ്വഹണം- മെഡിക്കൽ ഓഫീസർ -പനമരം, സി എച്ച് സി

പനമരം, പുൽപ്പള്ളി സി എച്ച് സികൾക്കായി 14,63,200 ചെലവഴിച്ച് രണ്ട് ഇമ്മ്യൂണോ അനലൈസർ എന്ന ലാബ് ഉപകരണം വാങ്ങിയിട്ടുണ്ട്. നാളിതുവരെ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയിട്ടില്ല.

ക്രമ നം.	പ്രോജക്ട്	ചെലവ് തുക	വൗച്ചർ നം., / ബിൽ നം തീയതി
1	പ്രോജക്ട് നം 17/23 പനമരം, പുൽപ്പള്ളി സി എച്ച് സികൾക്ക് ലാബ് ഉപകരണങ്ങളും വാങ്ങൽ അടങ്കൽ- 17,96,000 (മെയിന്റനൻസ് ഗ്രാന്റ്- നോൺറോഡ്)	14,63,200	310/26.3.23

ഇമ്മ്യൂണോ അനലൈസർ വാങ്ങിയത്- സ്ഥാപിച്ച് പ്രവർത്തനം തുടങ്ങി വിവരം അറിയിക്കേണ്ടതാണ്. അതു വരെ 14,63,200 രൂപ ചെലവഴിച്ചത് തടസ്സത്തിൽ വെക്കുന്നു.

1-19 സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറക്കാത്തതിനാലും കൺസോളിഡേഷൻ കുറക്കാത്തതിനാലും അധികച്ചെലവ് - ₹ 18,207.00 ചെലവ് നിരാകരിക്കുന്നു.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ മുതലിമാരൻ കോളനി സൈഡ് കെട്ട് എന്ന പദ്ധതിയിൽ, സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവും നിയമാനുസൃതം കുറക്കേണ്ട കൺസോളിഡേഷനും കുറവ് വരുത്തിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ട് നം.	പ്രൊജക്ടിന്റെ പേര്	അടങ്കൽ (₹)	ചെലവ് (₹)
S0020/23	മുതലിമാരൻ കോളനി-10-ാം വാർഡ് മുതൽ 11-ാം വാർഡ് വരെ നടപ്പാത കോൺക്രീറ്റിംഗ്, സൈഡ്കെട്ട്- മുള്ളൻകൊല്ലി ഗ്രാ.പ	8,00,000.00 (വികസനഫണ്ട്- ടി.എസ്.പി)	7,81,021.00 (ബിൽ നം. 22180863001100166156

	/29.06.2022)
നിർവഹണോദ്യോഗസ്ഥൻ	അസി. എഞ്ചിനീയർ
എസ്റ്റിമേറ്റ് നമ്പർ/തുക	2021/185805/800000/-
കരാർ നമ്പർ	AEE/LID&LW/19/21-22/22.12.2021
കരാറുകാരന്റെ പേര്	കുര്യൻ തോമസ്
എം ബുക്ക് നമ്പർ	60/21-22(പേജ് നം.1 - 26)

മേൽ പ്രവൃത്തിയുടെ, എം ബുക്ക് പേജ് നമ്പർ 19 പ്രകാരം 45.448 ഘ.മീറ്ററും പേജ് നമ്പർ 23 പ്രകാരം 10.26 ഘ.മീറ്ററും അടക്കം ആകെ 55.708 ഘ.മീറ്റർ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്.എം ബുക്ക് പേജ് നമ്പർ 22 പ്രകാരം 76.82ഘന മീറ്റർ മണ്ണ് കരാറുകാരൻ കൊണ്ടുവന്ന് നിറച്ചതിന് (ഘ.മീ. ന് 268.5690 രൂപ നിരക്കിൽ) തുക നൽകിയിട്ടുണ്ട്.സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവും നിയമാനുസൃതം കുറക്കേണ്ട കൺസോളിഡേഷനും കുറവ് വരുത്താത്തതിനാൽ താഴെപ്പറയുന്ന തരത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

1	എം ബുക്ക് പ്രകാരം കരാറുകാരൻ കൊണ്ട് വന്ന് നിറച്ച മണ്ണിന്റെ അളവ്	76.82 Meter Cube
2	എം ബുക്ക് പ്രകാരം സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ്	55.708 Meter Cube
3	യഥാർത്ഥത്തിൽ കരാറുകാരൻ കൊണ്ട് വന്ന് നിറക്കേണ്ടിയിരുന്ന മണ്ണിന്റെ അളവ് (2 - 1)	21.112 Meter Cube
4	20% കൺസോളിഡേഷൻ കുറക്കുക(21.112 X 20%)	4.2224 Meter Cube
5	കൺസോളിഡേഷൻ കുറച്ച ശേഷം തുക നൽകാവുന്ന മണ്ണിന്റെ അളവ് (3 - 4)	16.8896 Meter Cube
6	നൽകാവുന്ന തുക (16.8896 X 268.5690 + 12%GST)	4536 + 544 = 5080
7	നൽകിയ തുക(76.82 X 268.5690 + 12%GST)	20631 + 2476 = 23107
8	അധികം നൽകിയ തുക(7 - 6)	18,207.00

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/22-23/24.06.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ₹ 18,207.00 ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഖണ്ഡിക 3-1 കാണുക.

1-20 വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല-₹ 11,01,073.00 തടസ്സപ്പെടുത്തുന്നു.

അസി. എഞ്ചിനീയർ 2022-23 സാമ്പത്തിക വർഷം വിവിധ വകുപ്പുകളിൽ, കുടിവെള്ള പ്രവൃത്തി നടത്തുന്നതിന് വേണ്ടി തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	പ്രൊജക്ട് നം.	പ്രൊജക്ടിന്റെ പേര്	അടങ്കൽ (₹)	നിക്ഷേപിച്ച തുക (₹)	തുക നിക്ഷേപിക്കപ്പെട്ട ഏജൻസി/വ്യക്തി
1	S0158/23	ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഡിവിഷനുകളിലെ കുടിവെള്ള പദ്ധതി പൂർത്തീകരണം	23,07,300.00 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	8,73,046.00 (വൗച്ചർ നം.XVFC/2022-23 /P/64/24.03.2023)	ജില്ല ഓഫീസർ, ഭൂജല വകുപ്പ്, മീനങ്ങാടി.
2	S0153/23	നെല്ലിക്കര കവലക്കൊടി അരിമുള പൊങ്ങിണിതൊടി വെള്ളിമല	25,00,000.00 (വികസന ഫണ്ട്	2,28,027.00 (വൗച്ചർ നം.XVFC/2022-23	കെ.എസ്.ഇ.ബി, മീനങ്ങാടി

		കൊഴപ്പള്ളിക്കുന്ന് ചിറ്റാലൂർകുന്ന് കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം.	ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	/P/51/09.03.2023)	
ആകെ				11,01,073.00	

പ്രോജക്ട് നം.158/22 പ്രകാരം താഴെപറയുന്ന കുടിവെള്ള പദ്ധതികൾക്കാണ് തുക നൽകിയിക്കുന്നു.

ക്രമ നം.	പേര്	തുക
1	അറുമൊട്ടം കുന്ന് കുടവെള്ള പദ്ധതി	203334
2	ചീയമ്പം 73 കുടവെള്ള പദ്ധതി	137378
3	പെരിക്കല്ലൂർ കുടവെള്ള പദ്ധതി	140298
4	വിളമ്പുകണ്ടം കുടവെള്ള പദ്ധതി	188702
5	ഓടക്കൊല്ലി കുടവെള്ള പദ്ധതി	203334
	ആകെ	873046

പ്രോജക്ട് നം.153/23 ന്റെ ഫയലിൽ കുടിവെള്ള പദ്ധതികളുടെ ഒന്നിച്ചിട്ടാണ് തുക നൽകിയിരിക്കുന്നത്. ഓരോ കുടിവെള്ളപദ്ധതികളുടെയും പുനരുദ്ധാരണ പ്രവർത്തികൾ എന്താണെന്നും, ആയതിന് വകയിരുത്തിയ തുക ഇവയൊന്നും ഫയലിൽ ലഭ്യമല്ലാത്തതിനാൽ ഭാവിയിൽ പൂർത്തികരണ കൃത്യത എപ്രകാരം പരിശോധിക്കാൻ കഴിയും എന്നതു സംബന്ധിച്ചും മറുപടി ലഭ്യമാക്കേണ്ടതാണ്.
മേൽ പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/22-23/24.06.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, പൂർത്തീകരണ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കേണ്ടതുമാണ്.ചെലവ് തുക ₹ 11,01,073.00 തടസ്സപ്പെടുത്തുന്നു.

1-21 കുടിവെള്ള പദ്ധതികൾ ലക്ഷ്യം കാണുന്നില്ല - ₹ 9,17,834.00 തടസ്സപ്പെടുത്തുന്നു.

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.

പ്രൊജക്ട് നം.	പ്രൊജക്ടിന്റെ പേര്	അടങ്കൽ (₹)	ചെലവ് (₹)
S0028/23	ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം	10,24,800.00 (വികസനഫണ്ട്-ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	9,17,834.00 (വൗച്ചർ നം. XVFC/2022-23/P/66/29.03.2023)
നിർവഹണോദ്യോഗസ്ഥൻ		അസി. എഞ്ചിനീയർ	
എസ്റ്റിമേറ്റ് നമ്പർ		2021/14988/1024800/-	
കരാർ നമ്പർ		AEE/3/22-23/04.07.2022	
കരാറുകാരന്റെ പേര്		ഷമീർ.എ	
എം ബുക്ക് നമ്പർ		07/21-22(പേജ് നം.1 - 21)	

കൊളത്തറ AKG നഗർ, കൊഴപ്പള്ളിക്കുന്ന്, കമ്പളക്കാട് എന്നിവടങ്ങളിൽ ആണ് മേൽ പദ്ധതി പ്രകാരം കുടിവെള്ള പദ്ധതി പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. കുടിവെള്ള പദ്ധതികളെ സംബന്ധിച്ച് ഓഡിറ്റിൽ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും 23/06/2023 ന് നടത്തിയ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിലും താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

